**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690** **06-12-2022 - ൽ മറുപടിയ്ക്ക്**

**കേരള ബ്രാൻഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ബ്രാൻഡ് പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരളത്തിലെ തനതായ എം.എസ്.എം.ഇ ഉൽപ്പന്നങ്ങൾക്ക് സർക്കാർതലത്തിൽ ബ്രാൻഡ് നൽകുന്നത് ഉല്പന്നങ്ങളുടെ ഗുണനിലവാരവും ലഭ്യതയും ഉറപ്പാക്കാനും അതോടൊപ്പം തന്നെ ഉല്പന്നങ്ങളുടെ വിപണി കണ്ടെത്തുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. ഉല്പന്നങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് മുൻനിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ പ്രതിജ്ഞാബദ്ധരായ ഉത്പാദകർക്ക് വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കേരള ബ്രാൻഡ് കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളെ തിരിച്ചറിയുന്നതിനുള്ള ഉപാധിയായി കേരള ബ്രാൻഡ് വർത്തിക്കും. ആദ്യ ഘട്ടത്തിൽ കേരളത്തിലെ പ്രധാന ഉല്പന്നങ്ങളിൽ ഒന്നായ വെളിച്ചണ്ണയെ ബ്രാൻഡ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ആയതിനുശേഷം ക്രമമായി കേരളത്തിന്റെ മറ്റു തനത് ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) | കേരള ബ്രാൻഡ് നൽകുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും സർട്ടിഫൈ ചെയ്യുന്നതിനും സർക്കാർതലത്തിൽ പ്രത്യേക പരിശോധന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരളാ ബ്രാൻഡുമായി ബന്ധപ്പെട്ട് പ്രത്യേക പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (സി) | ഏതൊക്കെ തരത്തിലുള്ള ഉല്പന്നങ്ങളാണ് ആദ്യഘട്ടത്തിൽ ഇതിനായി | (സി) | ആദ്യ ഘട്ടത്തിൽ കേരളത്തിലെ പ്രധാന ഉല്പന്നങ്ങളിൽ ഒന്നായ വെളിച്ചണ്ണയുടെ |

| | | | |
|---|---|---|---|
| | തെരഞ്ഞെടുക്കുന്നതെന്ന് വിശദമാക്കാമോ; | | ബ്രാൻഡിംഗ് ആണ് ഉദ്ദേശിക്കുന്നത്. അതിനുശേഷം ക്രമമായി കേരളത്തിന്റെ മറ്റു തനത് ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. |
| (ഡി) | ബ്രാൻഡ് ചെയ്ത ഉല്പന്നങ്ങളുടെ വിപണനം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇവയുടെ മാർക്കറ്റിംഗ് ഏത് തരത്തിലാണ് നടത്താനുദ്ദേശിക്കുന്നതെന്നറിയിക്കാമോ? | (ഡി) | കേരളത്തിലെ എം.എസ്.എം.ഇ ഉല്പന്നങ്ങൾക്ക് സർക്കാർതലത്തിൽ ബ്രാൻഡ് നൽകുന്നത് തന്നെ ഉല്പന്നങ്ങളുടെ ഗുണനിലവാരവും ലഭ്യതയും ഉറപ്പാക്കാനും അതോടൊപ്പം തന്നെ ഉല്പന്നങ്ങൾക്ക് എളുപ്പത്തിൽ വിപണി കണ്ടെത്തുന്നതിനും സഹായിക്കുന്നു. ഉല്പന്നങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് മുൻനിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ പ്രതിജ്ഞാബദ്ധരായ ഉത്പാദകർക്ക് വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഉല്പന്നങ്ങളെ കണ്ടെത്തുന്നതിനുള്ള ഉപാധിയായും കേരള ബ്രാൻഡിംഗ് കൊണ്ട് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ